# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>സ്കൂൾ കുട്ടികൾക്കുള്ള സൗജന്യ അരി വിതരണം</u>

1624 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാർ ഓണക്കാലത്ത് സ്കൂൾകുട്ടികൾക്ക് സൗജന്യമായി നൽകിവന്നിരുന്ന 5 കിലോ അരി ഈ ഓണക്കാലത്ത് എത്ര കുട്ടികൾക്ക് നൽകാൻ കഴിഞ്ഞിട്ടില്ല; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>സൗജന്യ ഓണക്കിറ്റ് വിതരണം - പരാതികൾ</u>

1625 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗജന്യ ഓണക്കിറ്റ് വിതരണത്തിനായി വേണ്ടിവന്ന മൊത്തം തുക എത്ര ;

(ബി) ഓണക്കിറ്റ് വിതരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>പൊതു വിപണിയിലെ അരി വില നിയന്ത്രണം</u>

1626 ശ്രീ. കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു കിലോയ്ക്ക് ഒരു രൂപ നിരക്കിലുള്ള അരി വിതരണ പദ്ധതി എന്നാണ് ആരംഭിച്ചതെന്നും നാളിതുവരെ പ്രസ്തുത പദ്ധതി പ്രകാരം എത്ര ടൺ അരി വിതരണം ചെയ്തു വെന്നും വ്യക്തമാക്കുമോ ;

(ബി) ഓണക്കാലത്ത് അരി വില എത്ര രൂപയായി നിയന്ത്രിച്ച് നിർത്താൻ കഴിഞ്ഞു ; കഴിഞ്ഞ വർഷം ഓണക്കാലത്ത് പൊതു വിപണിയിൽ അരിയുടെ വില കിലോയ്ക്ക് എത്ര രൂപയായി രുന്നുവെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ഒരു രൂപാ നിരക്കിൽ അരിവിതരണം അപാകതകൾ</u>

1627 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു രൂപാ നിരക്കിൽ അരി വിതരണം നടത്തുന്ന പദ്ധതി പ്രകാരം ഇതുവരെ എത്ര കിലോഗ്രാം അരിയാണ് നല്കിയിട്ടുള്ളത് ;

(ബി) അരി വിതരണത്തിലെ അപാകതകൾ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

ഒരു രൂപയ്ക്ക് ഒരു കിലോ അരി പദ്ധതി

1628 ശ്രീ.ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു രൂപയ്ക്ക് ഒരു കിലോ അരി പദ്ധതി സംസ്ഥാനത്ത് എന്നാണ് ആരംഭിച്ചത് ; ഇതിന്റെഭാഗമായി എത്ര പേർക്ക് അരിവിതരണം നടത്തിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കാൻ അർഹതയുള്ളവരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ ;

(സി) വിവിധ ക്ഷേമ പദ്ധതികളിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികുടുംബങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നുണ്ടോ ;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്രസർക്കാർ അരി വിഹിതം വർദ്ധിപ്പിച്ചു നല്കിയിട്ടുണ്ടോ ;

(ഇ) തളിപ്പറമ്പ് മണ്ഡലത്തിൽ ഈ ആനുകൂല്യം ലഭിക്കാൻ അർഹരായവർ എത്ര ; ആനുകൂല്യം നല്കിയത് എത്ര പേർക്ക് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

ഒരു രൂപാ നിരക്കിലുള്ള അരിവിതരണം

1629 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയിൽ ഉൾപ്പെടാതെ പോയ ബി.പി.എൽ കാരെ ഉൾപ്പെടുത്തുന്നതിന് പുതിയ അപേക്ഷ സ്വീകരിക്കുമോ ;

(ബി) എന്ന് മുതൽ അപേക്ഷ സ്വീകരിക്കാനുദ്ദേശിക്കുന്നു ;

(സി) ലിസ്റ്റിൽ അനർഹർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരെ ഒഴിവാക്കി അർഹരായ മുഴുവൻ വിഭാഗങ്ങളെയും ഉൾപ്പെടുത്തി പുന:പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>കിലോയ്ക്ക് ഒരു രൂപ അരിയുടെ ലഭ്യത</u>

1630 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിലോയ്ക്ക് ഒരു രൂപ വിലയുടെ അരി മിക്കസ്ഥലങ്ങളിലും ലഭ്യമായിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) 25 കിലോ അരി പ്രഖ്യാപിച്ചുവെങ്കിലും പല സ്ഥലങ്ങളിലും പത്ത് കിലോ പോലും ലഭ്യമായിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(ഡി) ഇത് സംബന്ധിച്ച് ഓൾ ഇൻഡ്യ റേഷൻ ഡീലേഴ്സ് അസോസിയേഷൻ പരാതി നൽകിയിട്ടുണ്ടോ ;

(ഇ) എങ്കിൽ സർക്കാർ പ്രഖ്യാപനം യാഥാർത്ഥ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>ഒരു രൂപ നിരക്കിൽ അരി വിതരണം</u>

1631 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്രതിമാസം ഒരു രൂപ നിരക്കിൽ 25 കിലോ അരി നൽകുന്ന പദ്ധതി എന്ന് മുതലാണ് ആരംഭിച്ചതെന്നും പ്രസ്തുത പദ്ധതി നടപ്പിലായതുമുതൽ 15.09.2011 വരെ എത്ര കിലോ അരി വിതരണം ചെയ്തുവെന്നും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

ഒരു രൂപയ്ക്ക് വിതരണം ചെയ്യുന്ന
അരിയുടെ ഗുണനിലവാരം

1632 ശ്രീ. എ. കെ. ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഒരു രൂപ നിരക്കില്‍ അരി നല്‍കുന്ന പദ്ധതിയിന്‍പ്രകാരം ഗുണനിലവാരമുള്ള അരിയല്ല വിതരണം ചെയ്യുന്നത് എന്ന പരാതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി സ്വീകരിച്ച നടപടികള്‍ എന്തൊക്കെ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

എല്ലാ ബി. പി. എൽ. കുടുംബങ്ങൾക്കും ഒരു രൂപയ്ക്ക് അരി

1633 ശ്രീ.കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു രൂപയ്ക്ക് അരി ഇനി എത്ര കുടുംബങ്ങൾക്ക് നൽകാനുണ്ടെന്നുള്ള വിവരം ലഭ്യമാക്കുമോ ;

(ബി) എല്ലാ ബി. പി. എൽ. കുടുംബങ്ങൾക്കും ഒരു രൂപയ്ക്ക് അരി നൽകാൻ കഴിഞ്ഞിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>രണ്ട് രൂപയ്ക്ക് അരി വിതരണം സംബന്ധിച്ച്</u>

1634 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ രണ്ട് രൂപയ്ക്ക് ഒരു കിലോ അരിപദ്ധതിയിൽ ഉൾപ്പെടുത്തിയ ഗുണഭോക്താക്കളിൽ ആരെയെങ്കിലും ഈ ആനുകൂല്യത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവരെയാണ് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>രണ്ടു രൂപ നിരക്കിൽ അരി വിതരണം</u>

1635 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു കിലോയ്ക്ക് രണ്ട് രൂപ നിരക്കിൽ എത്ര കുടുംബങ്ങൾക്ക് അരി നൽകുവാനായിരുന്നു സർക്കാർ തീരുമാനിച്ചിരുന്നത്; അർഹതയുള്ള കുടുംബങ്ങൾ എത്രയെന്ന് കണ്ടെത്തിയിരുന്നുവോ;എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഒരു കിലോയ്ക്ക് രണ്ട് രൂപ നിരക്കിൽ അരി ലഭിയ്ക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര എണ്ണം പരിഗണിയ്ക്കുകയുണ്ടായി എന്നും വ്യക്തമാക്കാമോ;

(സി) ഒരു കാർഡുടമയ്ക്ക് എത്ര കിലോ അരി നൽകുവാനാണ് നിശ്ചയിച്ചിരിക്കുന്നത്; ഇതിനായി എത്ര അരി ആവശ്യമായിവന്നുവെന്നു കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) 2011 ജൂൺ മുതൽ നാളിതുവരെ വിതരണം ചെയ്ത അരി എത്ര; ഈ പദ്ധതി എത്ര കുടുംബങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്; വിശദാംശം ലഭ്യാമാക്കാമോ ; കിലോയ്ക്ക് ഒരു രൂപ നിരക്കിലുള്ള അരി വിതരണത്തിനായി എത്ര ക്വിന്റൽ അരി ആവശ്യമായിവരും?

(ഇ) ഒരു കിലോയ്ക്ക് 2 രൂപ നിരക്കിൽ വിതരണം ചെയ്യുന്ന അരിയും, ഒരു കിലോയ്ക്ക് 1 രൂപ നിരക്കിലുള്ള അരിയും തമ്മിൽ ഗുണനിലവാരത്തിൽ അന്തരമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) കിലോയ്ക്ക് ഒരു രൂപ നിരക്കിൽ വിതരണം ചെയ്തുവരുന്ന അരി ഗുണനിലവാരം ഇല്ലാത്തതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>എ. പി. എൽ. വിഭാഗങ്ങൾക്ക് 2 രൂപയ്ക്ക് അരി</u>

1636 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര എ. പി. എൽ. കാർഡുടമകളാണ് ഉള്ളത്;

(ബി) ഇതിൽ എത്ര പേർക്കാണ് 2 രൂപ നിരക്കിൽ അരി നൽകി വരുന്നത്;

(സി) 2 രൂപ നിരക്കിൽ അരി ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ഡി) അർഹതപ്പെട്ട മുഴുവൻപേർക്കും 2 രൂപ നിരക്കിൽ അരി നൽകുന്നതിനു നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>പാചകവാതക സിലിണ്ടറുകളുടെ എണ്ണം</u>

1637 ശ്രീ. എ.എം. ആരിഫ്
,, ബാബു എം. പാലിശ്ശേരി
ശ്രീമതി കെ.എസ്. സലീഖ
ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സബ്സിഡി നിരക്കിൽ നൽകുന്ന പാചകവാതക സിലിണ്ടറുകളുടെ എണ്ണം വെട്ടിക്കുറക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം ഉണ്ടാകാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ;

(ബി) പാചക വാതകത്തെ മാത്രം ആശ്രയിക്കുന്നവരാണ് ഭൂരിപക്ഷം ഉപഭോക്താക്കൾ എന്ന കാര്യം അറിയുമോ;

(സി) പ്രസ്തുത സബ്സിഡി പടിപടിയായി എടുത്തുകളയാനുള്ള നീക്കത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ - ജീവൻ രക്ഷാമരുന്നുകളുടെ വിതരണം</u>

1638 ശ്രീ. ജി. എസ് ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൂടുതൽ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ച് മരുന്നു വിതരണത്തിലെ ചൂഷണം തടയുവാൻ സന്നദ്ധമാകുമോ ;

(ബി) ജില്ലകൾ കേന്ദ്രീകരിച്ച് ജീവൻ രക്ഷാമരുന്നുകളും അനുബന്ധ സാധനങ്ങളും യഥേഷ്ടം ശേഖരിച്ച് വില കുറച്ച് ലഭ്യമാക്കുവാൻ പ്രത്യേക പദ്ധതിക്ക് രൂപം നൽകുവാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>സപ്ലൈകോയിലെ ബോണസ്</u>

1639 ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഏതു റൂൾ നിയമ പ്രകാരമാണ് സപ്ലൈകോയിലെ ബോണസ് നിശ്ചയിച്ചതെന്നും ഈ വർഷത്തെ ബോണസ് തീരുമാനത്തിലെ അപാകത എന്തെന്നു വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

ഓണക്കാലത്തെ വിലവര്‍ദ്ധനവ് നിയന്ത്രിക്കുന്നതിനായി നടത്തിയ പ്രവര്‍ത്തനങ്ങള്‍

1640

ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എല്ലാ നിയോജക മണ്ഡലങ്ങളിലും ഓണം ബസാറുകള്‍ തുടങ്ങുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ കാരണം വ്യക്തമാക്കുമോ;

(ബി) കല്‍പ്പറ്റ നിയോജക മണ്ഡലത്തില്‍ ഓണക്കാലത്ത് നടപ്പിലാക്കിയ പ്രവര്‍ത്തനങ്ങള്‍ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>സപ്ലൈകോയുടെ ഓണക്കാല പ്രവർത്തനം</u>

1641 ശ്രീ. റോഷി അഗസ്റ്റിൻ
,, പി.സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് സപ്ലൈകോയുടെ പ്രവർത്തനം എത്രത്തോളം വിജയകരമായിരിന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ന്യായമായ വിലയിൽ ഗുണനിലവാരമുള്ള ഭക്ഷ്യ സാധനങ്ങൾ ഉപഭോക്താക്കൾക്ക് നൽകുന്നതിന് സപ്ലൈകോ എത്രത്തോളം സജ്ജമായിരുന്നു; വ്യക്തമാക്കുമോ;

(സി) ബി.പി.എൽ. കുടുംബങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് ഭക്ഷ്യ വസ്തുക്കൾ നൽകുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ചെയ്തിരുന്നത്;

(ഡി) ഓണം സീസണിൽ എത്ര തുകയുടെ വിറ്റുവരവാണ് ലക്ഷ്യമിട്ടിരുന്നത്; വിറ്റുവരവ് എത്രയായിരുന്നു?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>റേഷൻകട ലൈസൻസികളുടെ കമ്മീഷൻ</u>

1642 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻകട ലൈസൻസികൾ കട നടത്തിപ്പുമായി ബന്ധപ്പെട്ട് നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റേഷൻകട ലൈസൻസികളുടെ കമ്മീഷൻ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>റേഷൻകടകളും കാർഡ് വിതരണവും</u>

1643 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര റേഷൻ കടകളാണ് ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്;

(ബി) പുതിയ റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>നാദാപുരം റേഷൻകാർഡിനായുള്ള അപേക്ഷകൾ</u>

1644 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ റേഷൻ കാർഡിനായി ലഭിച്ച എത്ര അപേക്ഷകളാണ് ഇനിയും തീർപ്പാക്കാനുള്ളത്; പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാർഡുകൾ എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ മണ്ഡലത്തിലെ പുതിയ റേഷന്‍ കാര്‍ഡുകള്‍</u>

1645 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തില്‍ പുതിയ റേഷന്‍കാര്‍ഡുകള്‍ക്കുള്ള എത്ര അപേക്ഷകള്‍ കെട്ടിക്കിടപ്പുണ്ട്; എന്ന് അവ വിതരണം ചെയ്യുമെന്ന് അറിയിക്കുമോ;

(ബി) എ.പി.എല്‍., ബി.പി.എല്‍. എന്നീ വിഭാഗങ്ങളില്‍ ഏതില്‍ ഉള്‍പ്പെടുത്തിയാണ് പുതിയ റേഷന്‍ കാര്‍ഡുകള്‍ നല്‍കുന്നത്; ഇതിന്റെ മാനദണ്ഡമെന്താണ്;

(സി) അമ്പലപ്പുഴ മണ്ഡലത്തില്‍ എ.എ.വൈ., അന്നപൂര്‍ണ്ണ വിഭാഗങ്ങളില്‍ എത്ര ഗുണഭോക്താക്കള്‍ നിലവിലുണ്ട് ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് പുതിയാപ്ല ജംഗ്ഷനിൽ റേഷൻ ഷോപ്പ്</u>

1646 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷനിലെ പുതിയാപ്ല ജംഗ്ഷനിൽ ഒരു റേഷൻ ഷോപ്പ് തുടങ്ങുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) എന്നാണ് അപേക്ഷ ലഭിച്ചതെന്നും അതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വിശദമാക്കുമോ ;

(സി) നടപടിക്രമങ്ങൾക്ക് കാലതാമസം നേരിട്ടിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>റേഷൻകടകളിൽ ഇലക്ട്രോണിക് ത്രാസുകൾ</u>

1647 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ റേഷൻകടകളിലും ഇലക്ട്രോണിക് ത്രാസുകൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എത്ര കടകളിലാണ് ഇലക്ട്രോണിക് ത്രാസുകൾ ഇല്ലാത്തത്;

(സി) ഇവയിൽ എന്ന് ഇലക്ട്രോണിക് ത്രാസുകൾ ഏർപ്പെടുത്തുവാൻ സാധിക്കുമെന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>എലവഞ്ചേരി മുതലമട പഞ്ചായത്തിൽ മാവേലി സ്റ്റോർ</u>

1648 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി മുതലമട പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിന് സ്ഥലസൗകര്യവും, കോർപ്പറേഷനിലേക്ക് അടക്കേണ്ട തുകയും പഞ്ചായത്ത് അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ എന്നുമുതൽ മാവേലി സ്റ്റോറുകൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>തവന്നൂർ കൂട്ടായിയിൽ മാവേലിസ്റ്റോർ</u>

1649 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തവന്നൂർ മണ്ഡലത്തിലെ മംഗലം, പുറത്തൂർ പഞ്ചായത്തുകൾ ഉൾപ്പെടുന്ന 9 വാർഡുകൾ അടങ്ങുന്ന തീരദേശ മേഖലയിലെ കൂട്ടായിയിൽ ഒരു മാവേലിസ്റ്റോർ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഗ്രാമപഞ്ചായത്തു ഭരണസമിതികൾ എന്തു പങ്കാണ് വഹിക്കേണ്ടത്; വ്യക്തമാക്കാമോ;

(സി) എം.എൽ.എ. യോ, പഞ്ചായത്തോ മുൻകൈ എടുക്കുകയാണെങ്കിൽ ഒരു പുതിയ മാവേലിസ്റ്റോർ തീരദേശ മേഖലയിലെ അനുയോജ്യമായ സ്ഥലത്ത് ആരംഭിക്കാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>മാവേലി സ്റ്റോർ ആരംഭിക്കാൻ നടപടി</u>

1650 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത എത്ര പഞ്ചായത്തുകൾ ഉണ്ടെന്ന് നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കൽപ്പറ്റ മണ്ഡലത്തിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

അഞ്ചരക്കണ്ടി പഞ്ചായത്തിൽ മാവേലി സ്റ്റോർ

1651 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഞ്ചരക്കണ്ടി പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>കണ്ണൂർ ചെറുകുന്നിൽ മാവേലിസ്റ്റോർ</u>

1652 ശ്രീ. റ്റി.വി രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ചെറുകുന്ന് പഞ്ചായത്തിൽ മാവേലി സ്റ്റോർ ആരംഭിക്കണമെന്ന നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാവേലിസ്റ്റോർ തുടങ്ങാനാവശ്യമായ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും പഞ്ചായത്ത് ഒരുക്കിയിട്ടും അത് ആരംഭിക്കുന്നതിനുള്ള തടസ്സമെന്താണ്;

(സി) ഉടൻ ആരംഭിക്കുന്നതിനെന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>ഭക്ഷ്യധാന്യ വിഹിതം</u>

1653 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ വിഭാഗങ്ങൾക്കായി കേന്ദ്രസർക്കാർ നൽകിവരുന്ന ഭക്ഷ്യധാന്യങ്ങളുടെ വിഹിതം എത്രവീതമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വിഹിതം ഓരോ വിഭാഗത്തിനും വിതരണം ചെയ്യുന്നതിന് ആവശ്യമായ അളവിൽ ലഭ്യമാകുന്നുണ്ടോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>കേന്ദ്രം അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ</u>

1654 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-വർഷത്തിൽ കേന്ദ്ര സർക്കാർ എത്ര ടൺ ഭക്ഷ്യധാന്യങ്ങൾ അനുവദിച്ചിട്ടുണ്ട്; അതിൽ എത്ര ടൺ ഏറ്റെടുത്തു;

(ബി) ഏറ്റെടുത്തതിൽ വിതരണം ചെയ്തതെത്ര;

(സി) കേന്ദ്രം അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ മുഴുവൻ ഏറ്റെടുത്തില്ലെങ്കിൽ അതിന് കാരണമെന്താണ്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

തൃശ്ശൂർ മുളങ്കുന്നത്തുകാവ് എഫ്.സി.ഐ ഗോഡൗണിലെ
കീടനാശിനി ഉപയോഗം

1655 ശ്രീ. ബാബു.എം.പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ -മുളങ്കുന്നത്തുകാവ് എഫ്.സി.ഐ. ഗോഡൗണിൽ ജീവന് ഹാനികരമായവിധത്തിൽ അലൂമിനിയം ഫോസ്ഫൈഡ് അടക്കമുള്ള കീടനാശിനികൾ ഉപയോഗിക്കുന്നുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റേഷൻകടകളിലൂടെ വിതരണം ചെയ്യാനുള്ള ധാന്യത്തിൽ മാരകവിഷാംശമുള്ള കീടനാശിനി ഉപയോഗിക്കുന്നതിന്റെ നിജസ്ഥിതി അന്വേഷിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) മാരകമായ തോതിൽ വിഷാംശം ഭക്ഷ്യധാന്യങ്ങളിൽ തളിച്ചിട്ടുണ്ടെങ്കിൽ അവ വിതരണം ചെയ്യാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

പാചകവാതക ക്ഷാമം

1656 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലനിൽക്കുന്ന പാചകവാതക ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) പാചകവാതക വിതരണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ ഏജൻസികൾ നൽകുന്നതിനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഗ്യാസ് ഏജൻസികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>മാവേലി ഹോട്ടലുകൾ</u>

1657 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷണം നൽകുന്നതിനായി മാവേലി ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) സംസ്ഥാനമൊട്ടാകെ എത്ര മാവേലി ഹോട്ടലുകളാണ് ആരംഭിച്ചിട്ടുളളത്;

(സി) നിലവിൽ എത്ര മാവേലി ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്;

(ഡി) അവയുടെ സുഗമമായ പ്രവർത്തനത്തിന് എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഇ) പ്രസ്തുത ഹോട്ടലുകൾ കൂടുതലായി ആരംഭിക്കുന്നതിനും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ'

(എഫ്) മാവേലി ഹോട്ടലുകൾ ആരംഭിക്കുന്നതിനാവശ്യമായ നിബന്ധനകൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

പട്ടികജാതി/പട്ടികവര്‍ഗ്ഗ വിഭാഗങ്ങള്‍ക്ക് പെട്രോള്‍/ഡീസല്‍ പമ്പുകള്‍ അനുവദിക്കല്‍

1658 ശ്രീ.ഐ. സി. ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി/പട്ടികവര്‍ഗ്ഗക്കാര്‍ക്ക് സംവരണാടിസ്ഥാനത്തില്‍ ലഭിച്ചിട്ടുള്ള പെട്രോള്‍- ഡീസല്‍ പമ്പുകളും, ഗ്യാസ് ഏജന്‍സികളും ബിനാമികള്‍ തട്ടിയെടുക്കുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എത്ര പെട്രോള്‍-ഡീസല്‍ ഗ്യാസ് ഏജന്‍സികള്‍ നാളിതുവരെ നല്‍കിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) പട്ടികജാതി/പട്ടികവര്‍ഗ്ഗ, വിഭാഗങ്ങള്‍ സ്വന്തമായി നടത്തുന്ന പെട്രോള്‍-ഡീസല്‍ ഗ്യാസ് ഏജന്‍സികള്‍ എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) ബിനാമികളെ ഈ മേഖലയില്‍ നിന്ന് ഒഴിവാക്കാന്‍ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>നിത്യോപയോഗ സാധനങ്ങളുടെ വിലവര്‍ദ്ധന നിരക്ക്</u>

1659

ഡോ. റ്റി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഔദ്യോഗിക സ്ഥിതിവിവരക്കണക്ക് പ്രകാരം തിരുവനന്തപുരത്ത് പൊതുവിപണിയിലെ നിത്യോപയോഗ സാധനങ്ങള്‍ ഓരോന്നിന്റെയും 2011 സെപ്റ്റംബര്‍ 7 ലെ വില നിലവാരം സംബന്ധിച്ച വിശദാംശങ്ങള്‍ വെളിപ്പെടുത്താമോ;

(ബി) ഇതേ ദിവസം മുന്‍വര്‍ഷത്തെ വിലനിലവാരം എന്തായിരുന്നു;

(സി) ഓരോ വര്‍ഷവും ശരാശരി എത്ര ശതമാനം നിരക്കില്‍ പ്രസ്തുത സാധനങ്ങള്‍ക്ക് പൊതുവിപണിയില്‍ വിലവര്‍ദ്ധന നേരിടുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>നീലേശ്വരം സബ്ബ് രജിസ്ട്രാർ ഓഫീസ് കെട്ടിടനിർമ്മാണം</u>

1660 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നീലേശ്വരം സബ്ബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം പണിയുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

ചെറുവത്തൂർ, നീലേശ്വരം എന്നിവിടങ്ങളിൽ സബ് രജിസ്ട്രാർ ഓഫീസുകൾ

1661 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂരിൽ സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്ന നടപടി ഏതു ഘട്ടത്തിലാണെന്നും തൃക്കരിപ്പൂർ രജിസ്ട്രാർ ഓഫീസ് വിഭജിച്ച് നീലേശ്വരം സബ് രജിസ്ട്രാർ ഓഫീസ് എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>മങ്കട മക്കരപറമ്പ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം</u>

1662 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട മക്കരപറമ്പ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം സൗജന്യമായി നിർമ്മിച്ച് നൽകാമെന്ന് സൂചിപ്പിച്ച് ഒരു വ്യക്തി സമർപ്പിച്ച അപേക്ഷയിന്മേൽ സമ്മതം അറിയിച്ചിരുന്നോ;

(ബി) എങ്കിൽ അത് പണിയുന്നതിനുള്ള അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) അപ്രകാരം കെട്ടിടം നിർമ്മിച്ച് കൈമാറുമ്പോൾ ടിയാന് രജിസ്ട്രേഷൻ ഫീയും, സ്റ്റാമ്പ് ഡ്യൂട്ടിയും ഇളവ് ചെയ്ത് നല്കുവാൻ സർക്കാർ തയ്യാറാകുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>പോക്കുവരവ് ചട്ടങ്ങൾ</u>

1663 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂമി രജിസ്ട്രേഷന്റെയും പോക്കുവരവ് നടപടികളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പോക്കുവരവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഭൂമി കൈമാറ്റം വ്യാജമായി നടത്തുന്നവർക്കെതിരെ നടപടിയെടുക്കുവാനും രജിസ്ട്രേഷൻ നടപടികൾ സുതാര്യമാക്കുവാനും പ്രസ്തുത ഭേദഗതി നിർദ്ദേശങ്ങൾ എത്രത്തോളം പര്യാപ്തമാണ് ; വിശദമാക്കുമോ ?